# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *216

14/12/2015-ൽ മറുപടിക്ക്

## പൊതുജനാരോഗ്യമേഖല

ചോദ്യം

ശ്രീ.കോടിയേരിബാലകൃഷ്ണൻ
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.കെ.വി.വിജയദാസ്
ശ്രീമതി.കെ.കെ.ലതിക

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ ബാധിക്കുന്നവരുടെയും,അതുവഴി മരണപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ചത് പൊതുജനാരോഗ്യമേഖലയുടെ ദൗർബല്യം കാരണമാണോ; പരിശോധിച്ചിട്ടുണ്ടോ;

എ) സംസ്ഥാനത്ത് ഈ വർഷം പൊതുവിൽ പകർച്ചവ്യാധി മരണങ്ങളും പകർച്ചവ്യാധികളുടെ തോതും കഴിഞ്ഞ വർഷത്തേക്കാൾ കുറവായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, പാരിസ്ഥിതിക ഘടകങ്ങൾ, രോഗാണുക്കൾക്കുണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങൾ വിവിധ വിഭാഗം പകർച്ചവ്യാധികൾ റിപ്പോർട്ടു ചെയ്യുന്നതിനും വ്യാപിക്കുന്നതിനും കാരണമാകാറുണ്ട്. ആരോഗ്യ വകുപ്പ് ബന്ധപ്പെട്ട ഇതര വകുപ്പുകളുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ എല്ലാ വർഷവും ഫലപ്രദമായി നടപ്പിലാക്കുന്നു. രോഗ നിരീക്ഷണം, രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ, മരുന്ന്, സ്റ്റാഫ് തുടങ്ങിയവ സജ്ജമാക്കൽ, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, കൊതുകിന്റെ ഉറവിട നശീകരണം, ഫോഗിംഗ് തുടങ്ങിയവ വഴി രോഗ നിയന്ത്രണ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യങ്ങളും ശക്തിപ്പെടുത്താറുണ്ട്. ആയതിനാൽ ആരോഗ്യ മേഖലയുടെ

പ്രവർത്തനങ്ങളുടെ ദൗർബല്യം മൂലമാണ് പകർച്ചവ്യാധി വ്യാപിക്കുന്നതെന്ന് കരുതുവാൻ കഴിയുകയില്ല. ഊർജ്ജിതമായ പ്രവർത്തനം കൊണ്ട് 2013-നെ അപേക്ഷിച്ച് 2014-ലും 2015- ലും കേസുകളും മരണങ്ങളും പൊതുവെ കുറവാണ്.

ബി) പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്താൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ;

ബി) സ്വീകരിക്കും. പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(i) ഓരോ വർഷവും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ആരോഗ്യ വകുപ്പിനോടൊപ്പം ഇതര വകുപ്പുകളുടേയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള വാർഷിക കർമ്മ പരിപാടി തയ്യാറാക്കി അതനുസരിച്ച് പ്രവർത്തനങ്ങളും നടത്തുന്നു. ഇതിൽ മാലിന്യ നിർമാർജ്ജനം, മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണ കാമ്പെയിനുകൾ, ശുദ്ധജല ലഭ്യത ഉറപ്പാക്കൽ, രോഗം പൊട്ടിപ്പുറപ്പെട്ടന്നിടത്ത് നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തുന്നു.

(ii) ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി. പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതു വഴി പനി, കൊതുകജന്യ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ,, ഭക്ഷ്യവിഷബാധ, വായുജന്യ രോഗങ്ങൾ, തുടങ്ങിയവ യഥാസമയം നിരീക്ഷിച്ച് ചികിത്സയും, രോഗം പൊട്ടിപ്പുറപ്പെടുന്നത് മുൻകൂട്ടി കണ്ടുപിടിച്ച് യഥാസമയം നിയന്ത്രണവും സാധ്യമാക്കുന്നു.

(iii) ബോധവൽക്കരണം നടത്തി ജനങ്ങൾക്ക് അവബോധവും ശരിയായ ആരോഗ്യ ശീലങ്ങളും പകരുന്നു.

(iv) 'സേഫ് കേരള' പോലുള്ള പ്രോഗ്രാമുകൾ സംസ്ഥാനത്ത് ഉടനീളം നടത്തി

പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ് ആക്ട് തുടങ്ങിയ നിലവിലുള്ള നിയമങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നു.

(v) ജീവിതശൈലീരോഗ നിരീക്ഷണവും ചികിത്സയും സംസ്ഥാനത്തുടനീളം നടത്തിവരുന്നു. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് സാമൂഹിക ഘടകങ്ങൾ ശരിയായ രീതിയിൽ ഏകോപിപ്പിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കാനും, സർക്കാർ പബ്ളിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു പി.എച്ച്.സി. എങ്കിലും ഉണ്ടായിരിക്കണമെന്ന ലക്ഷ്യത്തോടെ പി.എച്ച്.സി-കൾ ഇല്ലാത്ത 24 ഗ്രാമപഞ്ചായത്തുകളിൽ പുതുതായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചു. ഇവയിൽ നാലെണ്ണം ഒഴികെ മറ്റെല്ലാ പി.എച്ച്.സി - കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുഖേനയുള്ള സേവനം മെച്ചപ്പെടുത്തുന്നതിനായി പി.എച്ച്.സി - കളോടനുബന്ധിച്ച് പ്രൈമറി ഹെൽത്ത് ലാബുകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.എച്ച്.എം. മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിന്റെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 2439 ഡോക്ടർമാരടക്കമുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. കൂടാതെ 28 ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയും ചെയ്തു. കെ.എം.എസ്.സി.എൽ വഴി ആശുപത്രികളിലേയ്ക്കുള്ള ജനറിക് മരുന്ന് വിതരണം ശക്തിപ്പെടുത്തി.

(vi) ആരോഗ്യ സ്ഥാപനങ്ങളിലെ കെട്ടിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എൻ.എച്ച്.എം ഫണ്ട്,നബാർഡ് ഫണ്ട്, എം.എൽ.എ ഫണ്ട്, എം.പി ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തികളും നടത്തിവരുന്നുണ്ട്.

സി) മാലിന്യ നിർമ്മാർജ്ജനത്തിലും ശുചീകരണ പ്രവർത്തനത്തിലും വരുത്തിയവീഴ്ചകൾ പകർച്ചവ്യാധികൾ വ്യാപിക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ പദ്ധതി നടപ്പിലാക്കുമോ?

സി) മാലിന്യ നിർമ്മാർജ്ജനവും ശുചീകരണവും കാര്യക്ഷമമായി നടത്താനായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ആരോഗ്യ വകുപ്പിന്റെ കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം, മഴക്കാലപൂർവ്വ ശുചീകരണം, അതോടൊപ്പം ശുദ്ധമായ കുടിവെള്ള വിതരണം, കൊതുകിന്റെ ഉറവിട നശീകരണം തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ജലവിഭവ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയവ ഒത്തൊരുമിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. വാർഡ് തലത്തിൽ വാർഡ് തല ആരോഗ്യ ശുചിത്വ സമിതികൾ വഴിയും രോഗപ്രതിരോധ നിയന്ത്രണവുമായി ബന്ധപ്പെട്ട മാലിന്യ നിർമ്മാർജ്ജനം, ശുചീകരണം തുടങ്ങിയവ നടപ്പിലാക്കുന്നു. ഇതോടൊപ്പം ജനപങ്കാളിത്തത്തോടെ നടത്തുന്ന വിവിധ തരം കാമ്പെയിനുകൾ വഴിയും ശുചീകരണം നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, ജില്ലാ സംസ്ഥാന തലങ്ങളിലും ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

സെക്ഷൻ ഓഫീസർ